# കോഴിക്കോട് മുൻസിപ്പൽ കോർപറേഷൻ

നമ്പർ : A34/48374/21

തിയതി:13/05/2022

## താല്പര്യപത്രം ക്ഷണിക്കുന്നു

കോഴിക്കോട് മുൻസിപ്പൽ കോർപറേഷൻ അധീനതയിലുള്ള മാനാഞ്ചിറ സ്‌ക്വയറിൽ സ്ഥിതി ചെയുന്ന ടോയ്‌ലറ്റ് ബ്ലോക്ക് കം കഫെറ്റീരിയ, "Take a break" പദ്ധതിയുടെ ഭാഗമായി മൂന്ന് വർഷ കാലയളവിലേക് ഏറ്റെടുത്തു നടത്തുന്നതിനും പരിപാലിക്കുന്നതിനും അംഗീകൃത കുടുംബശ്രീ യൂണിറ്റുകളിൽ നിന്നും താല്പര്യപത്രം ക്ഷണിക്കുന്നു . കൂടുതൽ വിവരങ്ങൾ പ്രവൃത്തി സമയങ്ങളിൽ കോർപ്പറേഷൻ കാര്യാലയത്തിൽ നിന്നും www.kozhikodecorporation.lsgkerala.gov.in എന്ന വെബ്സൈറ്റിൽ നിന്നും ലഭ്യമാകുന്നതാണ്.

താല്പര്യപത്രം സ്വീകരിക്കുന്ന അവസാന തിയതി: 23/05/2022 3.00 PM

<u>നിബന്ധനകൾ</u>

1. ഈ മേഖലയിൽ പ്രാവീണ്യമുള്ള അംഗീകൃത കുടുംബശ്രീ യൂണിറ്റുകളിൽ നിന്നുമുള്ള അപേക്ഷകൾ മാത്രമേ പരിഗണിക്കുകയുള്ളൂ.
2. അപേക്ഷയോടൊപ്പം നിരത ദ്രവ്യമായി 20000/- രൂപയുടെ ഡെപ്പോസിറ്റ് രശീതി ഉള്ളടക്കം ചെയ്യണ്ടതാണ് ( കോഴിക്കോട് കോർപറേഷൻ സെക്രടറിയുടെ പേരിൽ പ്ലെഡ്ജ് ചെയ്ത ബാങ്ക്/ട്രഷറി ഫിക്സഡ് ഡെപ്പോസിറ് രശീതി രൂപത്തിൽ)
3. അപേക്ഷകൾ നേരിട്ട് / പോസ്റ്റ് / കോറിയർ മുഖേന സമർപ്പിക്കാവുന്നതാണ്.
4. പോസ്റ്റ് /കോറിയർ തടസ്സം കാരണം ഉണ്ടാകാവുന്ന കാലതാമസത്തിനോ നഷ്ടത്തിനോ **കോർപറേഷൻ** ഉത്തരവാദിയായിരിക്കുന്നതല്ല.
5. ടോയ്‌ലറ്റ് ബ്ലോക്ക് സംരക്ഷണത്തിനും നടത്തിപ്പിനും ആവശ്യമായ വരുമാനസ്രോതസ്സ് കോർപറേഷന്റെ അംഗീകാരത്തിന് വിധേയമായി മേൽ സ്ഥാപനത്തിന്റെ നടത്തിപ്പിൽ നിന്ന് തന്നെ സ്വരൂപിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കാവുന്നതാണ്.
6. ടോയ്‌ലറ്റ് ബ്ലോക്കിനോട് ചേർന്നുള്ള വസ്തുക്കൾ നീക്കം ചെയ്യുവാനോ നശിപ്പിക്കുവാനോ പാടുള്ളതല്ല.പരിപാലന കാലാവധിക് ശേഷം പ്രവർത്തനക്ഷമമായ അവസ്ഥയിൽ യാതൊരു കേടുപാടും കൂടാതെ വസ്തു തിരിച്ചേല്പിക്കേണ്ടതാണ് .
7. സ്ഥാപനം ഏതു സമയത്തും പരിശോധിക്കുവാനും പ്രവർത്തനം തൃപ്തികരമല്ല എന്ന് കാണുന്ന പക്ഷം പരിപാലനക്കരാർ അവസാനിപ്പിക്കുവാനും കോർപറേഷന് അധികാരമുണ്ടായിരിക്കുന്നതാണ്.
8. നിലവിലുള്ള സർക്കാർ മാനദണ്ഡങ്ങൾ പാലിച്ചു കൊണ്ടുള്ള ഗുണനിലവാരം ഉറപ്പു വരുത്തി മാത്രം കഫെറ്റീരിയയുടെ പ്രവർത്തനം നടത്തേണ്ടതാണ്.
9. നിലവിലുള്ള ആസ്തികൾക്ക് മാറ്റം വരുത്തുവാനോ നാശം വരുത്തുവാനോ പാടുള്ളതല്ല .
10. കോർപറേഷന്റെ മുൻ കൂട്ടിയുള്ള അനുവാദം കൂടാതെ യാതൊരു നിർമാണവും നടത്തുവാൻ പാടില്ലാത്തതാണ്.
11. പാകം ചെയ്ത് കൊണ്ടുവന്ന ഭക്ഷണ വസ്തുക്കളുടെ വില്പന മാത്രമേ കഫെറ്റീരിയയിൽ അനുവദിനീയമായിട്ടുള്ളു.
12. കുടിവെള്ളത്തിനും മാലിന്യ സംസ്കരണത്തിനുമുള്ള സംവിധാനങ്ങൾ ലൈസൻസി ലഭ്യമാക്കേണ്ടതാണ്.
13. അപ്പ്രൂവൽ കമ്മിറ്റി തിരഞ്ഞെടുത്ത് കൗൺസിൽ അംഗീകാരം ലഭ്യമാകുന്ന മുറക്ക് കരാറിൽ ഏർപ്പെടേണ്ടതാണ് .

14. കോർപ്പറേഷൻ വക കടമുറികൾ ലൈസൻസ്സ് വ്യവസ്ഥയിൽ നൽകി വരുന്നയവസരത്തിൽ അവലംബിച്ചു വരുന്ന ബൈലോ പ്രകാരമുള്ള അംഗീകൃതവ്യവസ്ഥകളും നിബന്ധനകളും ബാധകമാകുന്നതാണ്.

15. ഒരു വർഷത്തെ ലൈസൻസ് ഫീസ് ഡെപ്പോസിറ്റും ,ഒരു വർഷത്തെ ഡെപ്പോസിറ്റും അടവാക്കുവാൻ ബാദ്ധ്യസ്ഥമായിരിക്കും.

16. അനുവദിക്കപ്പെട്ട ലൈസൻസ് അവകാശം യാതൊരു കാരണവും കൂടാതെ തന്നെ റദ്ദ് ചെയ്യുന്നതിനുള്ള പരിപൂർണ്ണ അവകാശം കൗൺസിലിൽ നിക്ഷിപ്തമായിരക്കും.

17 ലൈസൻസ് കാലാവധി പരമാവധി 3 വർഷത്തേയ്ക്കായിരിക്കും.

18. ലൈസൻസ് കാലാവധി അവസാനിക്കുന്ന മുറയ്ക്ക് നിലവിലുള്ള ലൈസൻസിക്ക് തന്നെ പുതുക്കി നൽകുകയോ, പുതിയ സംരഭകരെ കണ്ടെത്തുകയോ ചെയ്യുന്നതാണ്.

19. ഈ മേഖലയിലെ പ്രാവീണ്യം തെളിയിക്കുന്നതിനുള്ള രേഖകൾ ഹാജരാക്കേണ്ടതാണ്.

**<u>താല്പര്യപത്രത്തോടൊപ്പം ലഭ്യമാക്കേണ്ട രേഖകൾ / വിവരങ്ങൾ</u>**

1. കുടുംബശ്രീ യൂണിറ്റിന്റെ റെജിസ്ട്രേഷൻ രേഖകൾ.
2. 20000 /- രൂപയുടെ ഡെപ്പോസിറ് രസീതി.
3. സമാന സ്വഭാവമുള്ള മേഖലകളിലെ പ്രവൃത്തി പരിചയം തെളിയിക്കുന്ന രേഖകൾ.
4. ഓരോ മാസവും കോർപറേഷന് അടവാക്കുന്ന തുക.
5. ടോയ്‌ലറ്റ് ബ്ലോക്ക് കം കഫെറ്റീരിയ നടത്തിപ്പ് സംബന്ധിച്ച വിശദമായ റിപ്പോർട്ട്. [സ്ഥാപനത്തിന്റെ പ്രവർത്തി സമയം - സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്ന ബോർഡ്കൾ - കുടിവെള്ള , മാലിന്യ സംസ്കരണ സംവിധാനങ്ങൾ - കഫെറ്റീരിയയിൽ വിതരണം ചെയുന്ന ഭക്ഷണ വസ്തുക്കൾ - പൊതുജനത്തിൽ നിന്നും ഈടാക്കുന്ന വിവിധ നിരക്കുകൾ - സ്ഥാപനത്തിന്റെ നടത്തിപ്പിന് ആവശ്യമായി വരുന്ന സ്റ്റാഫ് വിവരങ്ങൾ - എന്നിവ റിപ്പോട്ടിൽ നിർബന്ധമായും ഉൾക്കൊള്ളിക്കേണ്ടതാണ്]

**<u>തിരഞ്ഞെടുപ്പ് പ്രക്രിയ</u>**

കോർപറേഷൻ നിർദ്ദേശിക്കുന്ന അംഗങ്ങൾ അടങ്ങുന്ന അപ്രൂവൽ കമ്മിറ്റി , സമർപ്പിച്ച താല്പര്യപത്രങ്ങൾ പരിശോധിച്ച്, യൂണിറ്റിന്റെ പ്രവർത്തന മികവ് , കോർപറേഷന് ലഭിക്കുന്ന വരുമാനം എന്നിവ അടങ്ങുന്ന മാനദണ്ഡങ്ങൾ പ്രകാരം പോയിന്റ് അടിസ്ഥാനത്തിൽ ആയിരിക്കും ലൈസെൻസിയെ തിരഞ്ഞെടുക്കുന്നത് .അന്തിമ തീരുമാനം കോർപ്പറേഷൻ കൗൺസിലിൽ നിക്ഷിപ്തമായിരിക്കും.

കോഴിക്കോട് കോർപ്പറേഷൻ
Non Tax
റവന്യൂ വിഭാഗം

**സെക്രട്ടറി**
കോഴിക്കോട് നഗരസഭ